**<u>പതിമൂന്നാം കേരള നിയമസഭ</u>**
**<u>രണ്ടാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3565 17.10.2011 -ൽ മറുപടിക്ക്**

**<u>ഫീവർ ക്ലിനിക്കുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ:<br>,, വർക്കല കഹാർ:<br>,, ഡൊമിനിക് പ്രസന്റേഷൻ:<br>,, വി. റ്റി. ബൽറാം: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | പകർച്ചപ്പനി വ്യാപിക്കാതിരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | പകർച്ചപ്പനി വ്യാപിക്കാതിരിക്കാൻ സംസ്ഥാനത്തൊട്ടാകെ പരിസര ശുചീകരണം ഫലപ്രദമായി നടത്തി വരുന്നു. കൂടാതെ മാലിന്യ നിർമ്മാർജ്ജനം, കൊതുകു കൂത്താടി ഉറവിട നശീകരണം , ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവത്ക്കരണം എന്നിവ നടത്തി വരുന്നു.. ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന "മാലിന്യമുക്ത കേരളം" പദ്ധതിക്ക് തുടക്കമിട്ടു. വിവിധ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പകർച്ച |

| | | | |
|---|---|---|---|
| | | | വ്യാധി രോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്വകാര്യ സർക്കാർ ആശുപത്രികളിൽ നിന്നും ലബോറട്ടറികളിൽ നിന്നും ശേഖരിക്കാനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തി. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് പ്രചരണം, പ്രാദേശിക ടി.വി. ചാനലുകൾ വഴിയുള്ള പ്രചരണം, ബിറ്റ് നോട്ടീസ് വിതരണം , സ്കൂൾ അസംബ്ളി വഴിയുള്ള പ്രവർത്തനങ്ങൾ, പത്ര സമ്മേളനങ്ങൾ എന്നിവ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ കഴിഞ്ഞു. പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ "Four Plus" എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജിലും കാമ്പസ് ഫോർ പ്ളസ് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകു നിർമ്മാർജ്ജന, രോഗ പ്രതിരോധ പരിപാടികൾ നടത്തി വരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ , |

| | | | |
|---|---|---|---|
| | | | ഡോക്ടർമാർ, മറ്റു ആശുപത്രി ജീവനക്കാർ എന്നിവർക്ക് രോഗം വരുന്നുത് തടയുന്നതിനുള്ള കർമ്മ പരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIED സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഹൗസ് സർജന്മാർക്കും ഇതിലേക്കായി പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | എല്ലാ ആശുപത്രികളിലും ഫീവർ ക്ലിനിക്കുകൾ ആരംഭിക്കുമോ; | (ബി) | പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിലെ അടുത്തുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ഫീവർ ക്ളിനിക്കുകൾ ആവശ്യാനുസരണം പ്രവർത്തിച്ച് വരുന്നു. എല്ലാ താലൂക്ക് ജില്ലാ ആശുപത്രികളിലും ഫീവർ വാർഡ് നിലവിലുണ്ട്. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സഹായത്തോടെ ഫീവർ ക്ളിനിക്കുകൾ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും നടത്തിവരുന്നു. കൂടാതെ ഒ.പി. വിഭാത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിലും പനി ബാധിച്ചവരെ പരിശോധിച്ചു രോഗ നിർണ്ണയം |

| | | | |
|---|---|---|---|
| | | | നടത്തി ചികിത്സ നൽകുന്നതിനുള്ള മുൻകരുതൽ എടുത്തിട്ടുണ്ട്. |
| (സി) | ആശാ പ്രവർത്തകരുടെ സേവനം ഈ മേഖലകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ആശാ പ്രവർത്തകരുടെ സേവനം ഈ മേഖലയിൽ ഉറപ്പ് വരുത്തുന്നുണ്ട്. പകർച്ചപ്പനി തടയുന്നതിലേക്ക്, ജില്ലകളിൽ ആശ പ്രവർത്തകർ വീടുകൾ കയറിയിറങ്ങി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും , പനിയുള്ളവർ ആരോഗ്യ സ്ഥാപനങ്ങളിലെത്തി ചികിത്സ എടുക്കുന്നുണ്ടെന്നുള്ള ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ